കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in

തീയതി : 28-05-2021

**സർക്കുലർ നം 36**

വിഷയം:- ജയിലുകൾ - ജയിൽ വകുപ്പിന്റെ വെബ്സൈറ്റും ഫേസ്ബുക്ക് അക്കൗണ്ടും യഥാസമയം അപ്ഡേറ്റ് ചെയ്യുന്നത് - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

ജയിൽ വകുപ്പിലെ വെബ് സൈറ്റ് 15-5-2021 തീയതി മുതൽ കാലാനുസൃതമായി പരിഷ്കരിച്ച് ഉപയോഗിച്ച് വരുകയാണ്. വകുപ്പിന്റേതായി ഒരു ഫേസ്ബുക്ക് അക്കൌണ്ടും നിലവിലുണ്ട്. ടി വെബ് സൈറ്റിലും ഫേസ്ബുക്കിലും വകുപ്പിനെ സംബന്ധിക്കുന്ന വിവിധ വിവരങ്ങൾ യഥാസമയം അപ്‌ലോഡ് ചെയ്താൽ മാത്രമേ ജയിൽ വകുപ്പിലെ ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും പ്രായോജനപ്പെടുകയുള്ളൂ. വെബ് സൈറ്റ്, ഫേസ്ബുക്ക് എന്നിവയിൽ യഥാസമയം വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് അവയെ നല്ല രീതിയിൽ പരിപാലിച്ചുകൊണ്ട് പോകുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ജയിൽ വകുപ്പിലെ വെബ്സൈറ്റ്, ഫേസ്ബുക്ക് എന്നിവയിൽ യഥാസമയം വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിനായി ജയിൽ ആസ്ഥാന കാര്യാലയത്തിലെ ടെക്നിക്കൽ സെല്ലിനെ ചുമതലപ്പെടുത്തുന്നു.
2. ജയിൽ സ്ഥാപനങ്ങളിൽ നടക്കുന്ന വിവിധ പരിപാടികളുടെ വിവരണം, ഫോട്ടോ, പത്ര വാർത്തകൾ, ചാനൽ വാർത്താ വീഡിയോകൾ, ജയിൽ പ്രവർത്തനങ്ങളെ കുറിച്ചുള്ള വീഡിയോകൾ, പുതിയ സ്ഥാപന മേധാവികൾ ചാർജ് എടുക്കുമ്പോൾ ഉള്ള അവരുടെ ഫോട്ടോ, വെബ്സൈറ്റ്, ഫേസ്ബുക്ക് എന്നിവയിൽ പബ്ലിഷ് ചെയ്യുവാൻ കഴിയുന്ന മറ്റ് വിവരങ്ങൾ എന്നിവ അന്നേ ദിവസം തന്നെ ബന്ധപ്പെട്ട സ്ഥാപന മേധാവികൾ it.prisons@kerala.gov.in എന്ന മെയിലിൽ ലഭ്യമാക്കേണ്ടതാണ്.
3. ജയിൽ ആസ്ഥാന കാര്യാലയത്തിലെ സെക്ഷൻ സൂപ്രണ്ടുമാർ അതാത് സെക്ഷനുകളിൽ നിന്നും ഇറക്കുന്ന സർക്കുലറുകൾ, ഉത്തരവുകൾ, ട്രാൻസ്ഫർ ഉത്തരവുകൾ, സീനിയോറിറ്റി ലിസ്റ്റ്, നോട്ടീസുകൾ മുതലായവ അന്നേ ദിവസം തന്നെ it.prisons@kerala.gov.in / iaps internal circulation mode (TC1/TC2/TC4) മുഖേന ലഭ്യമാക്കേണ്ടതാണ്. ഇത്തരം തപാലുകളിൽ എല്ലാം വെബ് സൈറ്റ് / ടെക്നിക്കൽ സെൽ കോപ്പി എന്നു മാർക്ക് ചെയ്യേണ്ടതാണ്.
4. വിവിധ ജയിലുകളിൽ നിന്നും ചില വിവരങ്ങൾ ശേഖരിച്ച് അത് ക്രോഡീകരിച്ച് ലിസ്റ്റ് / ടേബിൾ രൂപത്തിൽ വെബ്സൈറ്റ്/ ഫേസ്ബുക്ക് എന്നിവയിൽ പബ്ലിഷ് ചെയ്യേണ്ടി വരുമെന്നതിനാൽ ഇത്തരത്തിലുള്ള വിവരങ്ങൾ ലഭ്യമാക്കണമെന്ന്

ആവശ്യപ്പെട്ടുകൊണ്ട് ടെക്നിക്കൽ സെല്ലിൽ നിന്നും അയക്കുന്ന മെയിലുകൾക്ക് യഥാസമയം ജയിൽ സ്ഥാപന മേധാവികൾ മറുപടി നല്കേണ്ടതാണ്.

5. വെബ്സൈറ്റ്, ഫേസ്ബുക്ക് എന്നിവയിൽ പോസ്റ്റ് ചെയ്യേണ്ട വിവരങ്ങൾ ഉൾപ്പെടുത്തുന്നതിനെ സംബന്ധിച്ച് എല്ലാ ദിവസവും 11 മണിക്ക് ടെക്നിക്കൽ സെൽ ഉദ്യോഗസ്ഥർ യോഗം ചേരേണ്ടതും യോഗ വിവരങ്ങൾ ജയിൽ ആസ്ഥാന കാര്യാലയം ഡി.ഐ.ജി ക്ക് റിപ്പോർട്ട് ചെയ്യേണ്ടതും സംശയ നിവാരണം, കൂടുതൽ വ്യക്തത എന്നിവ ആവശ്യമുള്ളപ്പോൾ ജയിൽ ആസ്ഥാന കാര്യാലയം ഡി.ഐ.ജി ഓഫ് പ്രിസൺസിന്റെ അഭിപ്രായത്തിനും അനുമതിക്കും വിധേയമായി പ്രവർത്തിക്കേണ്ടതുമാണ്.

ജയിൽ വകുപ്പിലെ എല്ലാ ജീവനക്കാരും വകുപ്പിന്റെ വെബ്സൈറ്റ്, ഫേസ്ബുക്ക് എന്നിവയിലെ വിവരങ്ങൾ പ്രയോജനപ്പെടുത്തേണ്ടതും ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നിർദേശങ്ങൾ it.prisons@kerala.gov.in എന്ന മെയിലിൽ അറിയിക്കേണ്ടതുമാണ്.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: എല്ലാ ജയിൽ സ്ഥാപനമേധാവികൾക്കും

പകർപ്പ്: 1) ആസ്ഥാനകാര്യാലയത്തിലെ എല്ലാ ഓഫീസർമാർക്കും ജീവനക്കാർക്കും
2) പ്രിസൺ കൺട്രോൾ റൂം / ടെക്നിക്കൽ സെൽ / വെബ്സൈറ്റ് പകർപ്പ് / കരുതൽ ഫയൽ